# ഭാഗാധാരം

–11–2010 രണ്ടായിരത്തി പത്താമാണ്ട് നവംബർ മാസം ...........................

തീയതി എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, എളങ്കുളം വില്ലേജ്, എളങ്കുളം ദേശത്ത്, കടവന്ത്ര പി.ഒ., പിൻ – 682020, കൊച്ചിൻ കോർപ്പറേഷൻ ....................നമ്പർ ............ വീട്ടിൽ ........ മക്കൾ ബിസിനസ്സ്, മുപ്പത്തിമൂന്ന് (33) വയസ്സ്, **1) .........** (ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡ് നമ്പർ ) ബിസിനസ്സ്, മുപ്പത്തിമൂന്ന് (33) വയസ്സ്, **2) ..........** (ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡ് നമ്പർ )എന്നിവർകൂടി ചേർന്നെഴുതിയ ഭാഗാധാരം.

താഴെ പട്ടികയിൽ വിവരം പറയുന്ന വകകൾ മുളവുകാട് വില്ലേജ് സർവ്വെ 734, 736/1, 736/2 റീസർവ്വെ പ്രകാരം ബ്ലോക്ക് നമ്പർ 2ൽ റീസർവ്വെ 132/12ൽ പെട്ട 3.85 ആർ വിസ്തീർണ്ണം വകകൾ എറണാകുളം സബ് രജിസ്ട്രി 2004–ലെ 1–ാം പുസ്തകം, 1701–ാം വാല്യം 445 മുതൽ 466 വരെ വശങ്ങളിൽ രജിസ്റ്റർ ചെയ്ത .....–ാം നമ്പർ ഭാഗപത്രപ്രകാരം എച്ച് പട്ടികയായും ഗതാഗതസൗകര്യത്തിനും മറ്റുമായി പൊതുവായി ഐ പട്ടികയായി വിവരിച്ച് വച്ചിട്ടുള്ള റീസർവ്വെ .... 0.54 ആറും കൂടിയ വകകൾ നമ്മൾക്ക് വീതത്തിൽ തിരിച്ചു സിദ്ധിച്ചു നമ്മൾ കൂട്ടായി കൈവശം വച്ചും കരം തീർത്തും അനുഭവിച്ചു വരുന്നതും ഭാഗാർഹമായിട്ടുള്ളതും പൂർണ്ണാവകാശപ്പെട്ടതുമാകുന്നു.

ഇപ്രകാരമുള്ള താഴെ എ, ബി പട്ടികകളിൽ പറയുന്ന 3.85 ആർ വിസ്തീർണ്ണം വഹകൾ ഭാഗിച്ചു തിരിച്ചനുഭവിക്കുവാൻ നമ്മൾ പരസ്പരം കൂട്ടായി ആലോചിച്ചു തീരുമാനിക്കുകയും നിശ്ചയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വഹകളുടെ വിഭജനം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിരിക്കുന്നു.

താഴെ എ പട്ടികയിൽ വിവരിക്കുന്ന ...............ആർ വിസ്തീർണ്ണം വഹകൾ നമ്മളിൽ 1–ാം പേരുകാരൻ ........ ഓഹരിക്കും, ബി പട്ടികയിൽ വിവരിക്കുന്ന .................. ആർ വഹകൾ 2–ാം പേരുകരൻ ...... ഓഹരിക്കുമായി

ഭാഗിച്ച് തിരിച്ച് ഭാഗത്തിന് മുമ്പ് പട്ടിക വഹകളിന്മേൽ നമുക്കുണ്ടായിരുന്ന കൂട്ടുടമസ്ഥത, കൈവശം മുതലായ സമസ്താവകാശങ്ങളും ഇതിലെ വിഭജനക്രമമനുസരിച്ച് പരസ്പരം വിട്ടൊഴിഞ്ഞ് എ പട്ടിക വഹകൾ 1–ാം പേരുകാരൻ അനിൽ ആന്റണിയും ബി പട്ടിക വഹകൾ 2–ാം പേരുകാരൻ വിജിൽ ആന്റണിയും കൈവശം വച്ച് ജമ മാറ്റി പേരിൽ പട്ടയം വാങ്ങിയും, വീതപ്രകാരം മേലാലുള്ള കരം തീർത്തും, ക്രയവിക്രയ സർവ്വ സ്വാതന്ത്ര്യ സഹിതം യഥേഷ്ടം അടക്കി അനുഭവിച്ചു കൊള്ളുന്നതിന് നമ്മൾ പരസ്പരം പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

നല്പു നില്പു പെരുമാറ്റ സൗകര്യവും, ഓഹരിക്രമം അടിസ്ഥാനമാക്കി ഈ ആധാരപ്രകാരം മറ്റെല്ലാവിധ നിശ്ചയങ്ങളും നമുക്ക് പൂർണ്ണ ബോദ്ധ്യവും സമ്മതവും വന്നിട്ടുള്ളതും തൽസംബന്ധമായ മറ്റേതെങ്കിലും വിധത്തിലോ നമുക്ക് മേലിൽ പരസ്പരം ഏതൊരു ചോദ്യത്തിനും, ആക്ഷേപത്തിനും അർഹതയോ, അവകാശമോ ഉണ്ടായിരിക്കുന്നതല്ല. ഇതിൽ ചേർത്തു ഭാഗിച്ചിട്ടുള്ളതു കൂടാതെ ഭാഗിക്കത്തക്കതായ മറ്റു സ്വത്തുക്കളോ, വീട്ടി തീർക്കേണ്ടതായ കടമോ പരസ്പരം പറഞ്ഞു തീരേണ്ടതൊ തീർക്കേണ്ടതായ കണക്കുകളോ ചുമതലകളൊ നമുക്ക് ഇല്ലാത്തതാകുന്നു.

ഇന്നു മുതൽ താഴെ എ, ബി എന്നി പട്ടികകളിൽ വിവരിക്കുന്ന ഓഹരി വീതം വഹകൾ മേൽ വിവരിച്ച നിശ്ചയത്തിനു വിധേയമായി അതാതു പേരുകാർ ക്രയവിക്രയാദി സർവ്വ സ്വാതന്ത്ര്യ സഹിതം യഥേഷ്ടം കൈവശം വച്ചും പേരിൽ കൂട്ടി കരം തീർത്തും മറ്റും അനുഭവിക്കുന്നതിന് 1–ം, 2–ം പേരുകാർക്ക് പരസ്പരവും മേലാൽ യാതൊരുവിധ ചോദ്യമോ അവകാശ തേർച്ചകളോ ഉണ്ടായിരിക്കുന്നതല്ലെന്നും,. മേൽ നമ്പർ ആധാര പ്രകാരം നമ്മൾക്ക് കരളാ ഭൂപരിഷ്ക്കരണ നിയമ പരിധിയിൽ കവിഞ്ഞ ഭൂസ്വത്തുക്കൾ ഇല്ലാത്തതും പട്ടിക വഹകളിന്മേൽ ലാന്റ് സീലിംഗ് പ്രകാരമുള്ള കേസുകളില്ലാത്തതും വഹകൾ നിർദ്ദിഷ്ട വനഭൂമിയിലോ, പാരിസ്ഥിതിക ദുർബലപ്രദേശത്തോ, തീരപ്രദേശ നിയന്ത്രണങ്ങൾക്ക് വിധേയമായ പ്രദേശത്തോ, പുറമ്പോക്കിലോ, മിച്ചഭൂമിയിലോ, പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു പട്ടയം കൊടുത്ത ഭൂമിയിലോ ഉൾപ്പെട്ടതല്ലാത്തതും ആകുന്നു. . ഇനി നമുക്ക് കുട്ടവകാശപ്പെട്ടതും ഭാഗാർഹവുമായ മുതലു

കളോ കടങ്ങളോ ഇല്ല. ഈ ഭാഗാധാരത്തോടു കൂടി ഒരു ഇരട്ടിപ്പ് രജിസ്റ്റർ ചെയ്യുന്നതും അസ്സൽ ആധാരവും .....-ാം നമ്പർ ആധാരവും, 1-ാം പേരുകാരൻ ........ഇരട്ടിപ്പ് രണ്ടാം പേരുകാരൻ .......... എടുത്തിട്ടുള്ളതും ആയത് അസലാധാരമായി കണക്കാക്കി ഉപയോഗിക്കേണ്ടതുമാകുന്നു. ഇതിലുൾപ്പെട്ട സ്ഥലത്തിന് 7,00,000/- (ഏഴ് ലക്ഷം) രൂപ വിലയുള്ളതും അതിൽ എ പട്ടിക വഹകൾക്ക് 3,50,000/- (മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും, ബി പട്ടിക വഹകൾക്ക് 3,50,000/- (മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും വീതം വിലയുള്ളതും അതിൽ ഓഹരി തള്ളി ശേഷം 3,50,000/- (മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയ്ക്ക് 3,500/-രൂപ മുദ്രവില ചേർത്തിട്ടുള്ളതുമാകുന്നു.

**3,50,000/- രൂപ വിലയുള്ള എ പട്ടിക അനിൽ ആന്റണിയുടെ വീതം വസ്തു വിവരം**

| | | |
|---|---|---|
| 1. | ക്രമ നമ്പർ | ഒന്ന് |
| 2. | ജില്ല | എറണാകുളം |
| 3. | സബ് ജില്ല | എറണാകുളം |
| 4 | താലൂക്ക് | കണയന്നൂർ |
| 5. | വില്ലേജ് | മുളവുകാട് |
| 6. | ദേശം | പനമ്പുകാട് |
| 7. | പരിധി | മുളവുകാട് പഞ്ചായത്ത് (വാർഡ് നമ്പർ -...) |
| 8. | റീസർവ്വെ ബ്ലോക്ക് നമ്പർ | 2 (രണ്ട്) |
| 9. | റീ സർവ്വെ നമ്പർ | |
| 10. | റീസർവ്വെ സബ് ഡിവിഷൻ നമ്പർ | 12 (പന്ത്രണ്ട്) |
| 11. | സർവ്വെ നമ്പർ | |
| 12. | സബ് ഡിവിഷൻ നമ്പർ | .... 1 2 |
| 13 | വിസ്തീർണ്ണം:ആർ | |
| 14. | അവകാശത്തിന്റെ സ്വഭാവം, ഭൂമിയുടെ തരം | ജന്മം/പുരയിടം |
| 15. | എഴുതി കൊടുക്കുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | .... |
| 16. | എഴുതി കിട്ടുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | |

**17.വസ്തുവിവരം**

എറണാകുളം രജിസ്ട്രി 2004-ലെ .....നമ്പർ ഭാഗപത്രപ്രകാരം സിദ്ധിച്ച പുറവക ജന്മം സർവ്വെ ...... റീസർവ്വെ പ്രകാരം ബ്ലോക്ക് നമ്പർ 2ൽ റീസർവ്വെ 132/12ൽ 3.85 ആർ സ്ഥലത്തിൽ നമ്മൾ വഴിക്കായി വിട്ടതു കഴിച്ചു ശേഷം

| |
|---|
| സ്ഥലത്തിൽ വീതം ഈ എലുകയ്ക്കളം ............... ആർ വിസ്തീർണ്ണം സ്ഥലവും സകല വൃക്ഷങ്ങളും എല്ലാവിധ അവകാശങ്ങളും ടി വസ്തുവിന് വടക്കരിക് 13.4–ഠ, കിഴക്കരിക് 12.47–ഠ, തെക്കതിര് 17–ഠ, പടിഞ്ഞാറതിര് 12.81 –ഠ വീതം മീറ്റർ അളവുകൾ ഉള്ളതാകുന്നു. ഐ പട്ടികയായി തിരിച്ച് സിദ്ധിച്ച വകകളിൽ കൂടിയും അവിടന്ന് തുടർന്ന് നമ്മൾ ഇട്ടിട്ടുള്ള 3.60 മീറ്റർ വീതിയിൽ കിഴക്കോട്ടും അവിടന്നു തെക്കോട്ട് 12.81 മീറ്റർ വന്നു നില്ക്കുന്നിടംവരെ ഇട്ടിട്ടുള്ള വഴിയിൽ കൂടി യഥേഷ്ടം വാഹന സഹിതയും അല്ലാതെയും നമ്മൾക്കും നമ്മളെ പിന്തുടർന്നു വരുന്നവർക്കും ഗതാഗതം ചെയ്യുന്നതിനും ഇലക്ട്രിക്ക് ലൈൻ, വാട്ടർ ലൈൻ, ടെലഫോൺ ലൈൻ കേബിൾ ടി.വി.മുതലായവ എടുത്തു ഉപയോഗിക്കുന്നതിനുള്ള അവകാശവും. |

| **19. നാലതിരുകൾ** | | |
|---|---|---|
| കിഴക്ക് | : | റീസർവ്വെ 132/14ൽ പെട്ട വസ്തു |
| തെക്ക് | : | ബി പട്ടിക വിജിൽ ആന്റണി വക വസ്തു |
| പടിഞ്ഞാറ് | : | ഗതാഗതത്തിനായി നമ്മൾ തിരിച്ചിട്ടിരിക്കുന്ന 3.60 മീറ്റർ വീതി വഴി |
| വടക്ക് | : | ബെന്നി എന്ന ബെനഡിക്ട് വക വസ്തു |

| **3,50,00/– രൂപ വിലയുള്ള ബി പട്ടിക വിജിൽ ആന്റണിയുടെ വീതം വസ്തു വിവരം** | | |
|---|---|---|
| 1. | ക്രമ നമ്പർ | ഒന്ന് |
| 2. | ജില്ല | എറണാകുളം |
| 3. | സബ് ജില്ല | എറണാകുളം |
| 4 | താലൂക്ക് | കണയന്നൂർ |
| 5. | വില്ലേജ് | മുളവുകാട് |
| 6. | ദേശം | പനമ്പുകാട് |
| 7. | പരിധി | മുളവുകാട് പഞ്ചായത്ത് (വാർഡ് നമ്പർ –...) |
| 8. | റീസർവ്വെ ബ്ലോക്ക് നമ്പർ | 2 (രണ്ട്) |
| 9. | റീ സർവ്വെ നമ്പർ | 132 (ഒരുന്നൂറ്റി മുപ്പത്തിരണ്ട്) |
| 10. | റീസർവ്വെ സബ് ഡിവിഷൻ നമ്പർ | 12 (പന്ത്രണ്ട്) |
| 11. | സർവ്വെ നമ്പർ | |
| 12. | സബ് ഡിവിഷൻ നമ്പർ | .... 1 2 |
| 13 | വിസ്തീർണ്ണം:ആർ | |

| | | |
|---|---|---|
| 14. | അവകാശത്തിന്റെ സ്വഭാവം, ഭൂമിയുടെ തരം | ജന്മം/പുരയിടം |
| 15. | എഴുതി കൊടുക്കുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | .... |
| 16. | എഴുതി കിട്ടുന്നയാളിന്റെ ടി വില്ലേജിലുള്ള തണ്ടപ്പേർ നമ്പർ | ഇല്ല |

**17.വസ്തുവിവരം**

എറണാകുളം രജിസ്ട്രി ......-ാം നമ്പർ ഭാഗപത്രപ്രകാരം സിദ്ധിച്ച പുറവക ജന്മം സർവ്വെ ......... റീസർവ്വെ പ്രകാരം ബ്ലോക്ക് നമ്പർ 2ൽ റീസർവ്വെ 132/12ൽ 3.85 ആർ സ്ഥലത്തിൽ നമ്മൾ വഴിക്കായി വിട്ടതു കഴിച്ചു ശേഷം സ്ഥലത്തിൽ വീതം ഈ എലുകയ്ക്കളം ............... ആർ വിസ്തീർണ്ണം സ്ഥലവും സകല വൃക്ഷങ്ങളും എല്ലാവിധ അവകാശങ്ങളും ടി വസ്തുവിന് വടക്കരിക് 17-ം, കിഴക്കതിര് 7.93-ം, തെക്കതിര് 17-ം, പടിഞ്ഞാറതിര് 10.20-ം വീതം മീറ്റർ അളവുകൾ ഉള്ളതാകുന്നു. ഐ പട്ടികയായി തിരിച്ച് സിദ്ധിച്ച വകകളിൽ കൂടിയും അവിടന്ന് തുടർന്ന് നമ്മൾ ഇട്ടിട്ടുള്ള 3.60 മീറ്റർ വീതിയിൽ കിഴക്കോട്ടും അവിടന്നു തെക്കോട്ട് 12.81 മീറ്റർ വന്നു നില്ക്കുന്നിടം വരെ ഇട്ടിട്ടുള്ള വഴിയിൽ കൂടി യഥേഷ്ടം വാഹന സഹിതയും അല്ലാതെയും നമ്മൾക്കും നമ്മളെ പിന്തുടർന്നു വരുന്നവർക്കും ഗതാഗതം ചെയ്യുന്നതിനും ഇലക്ട്രിക്ക് ലൈൻ, വാട്ടർ ലൈൻ, ടെലഫോൺ ലൈൻ കേബിൾ ടി.വി.മുതലായവ എടുത്തു ഉപയോഗിക്കുന്നതിനുള്ള അവകാശവും.

**19. നാലതിരുകൾ**

| | | |
|---|---|---|
| കിഴക്ക് | : | റീസർവ്വെ 132/14ൽ പെട്ട വസ്തു |
| തെക്ക് | : | ജോൺ വക വസ്തു |
| പടിഞ്ഞാറ് | : | ജോർജ്ജ് വക വസ്തു |
| വടക്ക് | : | എ പട്ടിക ...... വക വസ്തുവും, നമ്മൾ ഗതാഗതത്തിനായി തിരിച്ചിട്ടിരിക്കുന്ന 3.60 മീറ്റർ വീതിയിലുള്ള വഴിയും |

മേൽപ്രകാരമെല്ലാം തിരുമാനിച്ചും സമ്മതിച്ചും ഒപ്പിട്ട

1)

2)

<u>സാക്ഷികൾ:</u>

1.

2.

തയ്യാറാക്കിയത്:    ഷെറി ജെ തോമസ്, അഡ്വക്കേറ്റ്, എറണാകുളം.

ഈ ആധാരം കമ്പ്യൂട്ടർ പ്രിന്റ് ചെയ്തതും ഭാഗീകമായി
എഴുതിയതുമാകുന്നു.

വെട്ടുതിരുത്തില്ല.

1)

2)